LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പെർമിസ്സീവായിട്ടുള്ള captive plantation-ൽ നിൽക്കുന്ന യൂക്കാലിറ്റ്സിന്റെ കാര്യത്തിൽ നമുക്ക് തീരുമാനിക്കാൻ കഴിയില്ല. കാരണം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അനുവാദത്തോടുകൂടി ഇവിടെ എച്ച്.എൻ.എൽ. വച്ചുപിടിപ്പിച്ചിട്ടുള്ള ചില സ്ഥലങ്ങളുണ്ട് അതാണ് പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വനത്തിനകത്ത് മൃഗങ്ങൾക്ക് സഞ്ചരിക്കാൻ പറ്റുന്നതുപോലെ തന്നെ കുടിക്കാൻ വെള്ളം കിട്ടണം, കഴിക്കാൻ ഭക്ഷണം കിട്ടണം. ഇക്കാര്യങ്ങളൊക്കെ ഉണ്ടാകണം. കുടിക്കാൻ വെള്ളം കിട്ടുന്നതിനുവേണ്ടി ശ്രീ. കെ. ബി. ഗണേഷ് കുമാർ, വനം വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ട്രഞ്ച് കുഴിക്കുകയും ചില സ്ഥലങ്ങളിൽ കുളങ്ങൾ കുഴിക്കുകയും തടയണകളൊക്ക ഉണ്ടാക്കുകയും ചെയ്തിരുന്നു. അതെല്ലാം വിജയകരമായിരുന്നു. അപ്പോൾ വനത്തിനുള്ളിൽ തന്നെ മൃഗങ്ങൾക്ക് നിൽക്കാനും വെള്ളം കുടിക്കാനും സാധിക്കും. പ്രധാനപ്പെട്ട പ്രശ്നം വേറെയാണ്. ഒന്ന്, ഇപ്പോൾ വനത്തിലുള്ള വന്യജീവികളുടെ എണ്ണം പെരുകുകയാണ്. മൃഗങ്ങളുടെ എണ്ണം പെരുകുന്നതുകൊണ്ട് വന്യജീവികൾ വനത്തിന് പുറത്തേയ്ക്ക് വരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. രണ്ട്, വനത്തിന് തൊട്ടുപുറത്ത് വന്യജീവികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള പൈനാപ്പിൾ, ചക്ക പോലുള്ള കൃഷി നടക്കുന്നുണ്ട്. ചക്ക പഴുക്കുമ്പോൾ വരുന്ന മണം കേട്ട് ആനകൾ വരുന്നുണ്ട്. അതാണ് പ്രശ്നം. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളാണുള്ളത്. അത് ഐഡിന്റിഫൈ ചെയ്ത് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാം.

## 2. അടിയന്തര ചോദ്യം

(അഴിമതി സർക്കാർ രാജിവയ്ക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## വിദേശജോലിക്ക് പത്താം ക്ലാസ്സ് പാസ്സായിരിക്കണമെന്ന പുതിയ നിബന്ധന

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദേശരാജ്യങ്ങളിൽ ജോലി തേടി പോകണമെങ്കിൽ പത്താം ക്ലാസ്സ് പാസ്സാകണമെന്നും ബാങ്ക് ഗ്യാരണ്ടി നൽകണമെന്നുള്ള വ്യവസ്ഥകൾ അവിദഗ്ധ തൊഴിൽരഹിതരിൽ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായ ചെറുപ്പക്കാർ ഗൾഫ് നാടുകളിലും മറ്റും തൊഴിലെടുത്തു നേടുന്ന വിദേശപ്പണത്തെ ആശ്രയിക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളത്തെ പ്രസ്തുത തീരുമാനം ഗുരുതരമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കാനും പരിഹാരം തേടാനും അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ-സി) ഉണ്ട്. വിദേശ രാജ്യങ്ങളിൽ വീട്ട് ജോലിക്കായി മാത്രം സ്ത്രീ തൊഴിലാളികളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ ഉടമ അതാത് ഇന്ത്യൻ എംബസി നിഷ്കർഷിക്കുന്ന ബാങ്ക് ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ തേടുന്നതിന് ഇ.സി.ആർ. രാജ്യങ്ങളിൽ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. കേന്ദ്ര സർക്കാരിന്റെ എമിഗ്രേഷൻ ആക്ടിലാണ് ഈ വ്യവസ്ഥയുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഇവിടെ ഉന്നയിക്കുന്ന ചോദ്യം നമ്മുടെ സംസ്ഥാനത്തെയും അതുപോലെ ഗൾഫ് നാടുകളിൽ പോയി ജോലി ചെയ്യുന്ന നമ്മുടെ സഹോദരന്മാരെയുംക്കുറിച്ചുമാണ്. അവരെക്കുറിച്ചുള്ള പ്രശ്നത്തിൽ ഇങ്ങനെ ബഹളമുണ്ടാക്കാനാണ് താൽപ്പര്യമെങ്കിൽ ഏതെങ്കിലുമൊരു ഗൾഫുകാരനോ, അവരുടെ കുടുംബത്തിലെ ഏതെങ്കിലും അംഗമോ ഇവർക്ക് വോട്ട് കൊടുക്കുമോ? ഇവർ ആരും ഇനി ഈ സഭയിലേയ്ക്ക് വരില്ല. അത്രയും ഗൗരവമായ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. അതുപോലും ശ്രദ്ധിക്കാൻ ഇവർക്ക് താൽപ്പര്യമില്ലെങ്കിൽ ഇവർ സഭയിലേയ്ക്ക് വരുന്നതിന്റെ അർത്ഥം എന്താണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉത്തരം പറഞ്ഞത് നേരത്തെ ഇവിടെയുണ്ടായിരുന്ന നിയമമാണെന്നാണ്. പക്ഷെ, കേന്ദ്ര ഗവൺമെന്റ് പത്താം ക്ലാസ് പാസ്സാകാത്തവർ വിദേശത്തേയ്ക്ക് ജോലിക്ക് പോകേണ്ടതില്ലായെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. നമുക്കറിയാം ഖത്തറിലും കുവൈറ്റിലും ആയിരക്കണക്കിന് തൊഴിലവസരങ്ങളാണ് ഉറന്നിട്ടിരിക്കുന്നത്. കുവൈറ്റിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലക്ഷക്കണക്കിന് തൊഴിലാളികളെ വേണ്ടിവരുമെന്നും ഇതിൽ ഏറിയ പങ്കും ഇന്ത്യയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

റിക്രൂട്ട് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും കുവൈറ്റ് സർക്കാരിന്റെ പ്രതിനിധികൾ കഴിഞ്ഞ ദിവസം മാധ്യമങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. അതുപോലെ 2022-ലെ ലോക ഫുട്ബോൾ മത്സരം നടക്കാനിരിക്കുന്നത് ഖത്തറിലാണ്. അവിടെയും തൊഴിൽ സാധ്യതകൾ പതിനമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. പക്ഷെ, കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമം വഴി പത്താം ക്ലാസ് പാസ്സാകാത്ത അവിദഗ്ധരായ തൊഴിലാളികൾക്ക് അവിടെ പോകാൻ പറ്റില്ല. വിദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി പോകുന്ന തൊഴിലാളികൾക്ക് എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുവാൻ തൊഴിലുടമകൾക്ക് ബാങ്ക് ഗ്യാരന്റി നൽകണമെന്നും തൊഴിലുടമയുടെ സ്പോൺസർഷിപ്പ് ഡിക്ലറേഷൻ ഇന്ത്യൻ എംബസ്സി അറ്റസ്റ്റ് ചെയ്തവർക്കേ പെർമിറ്റ് നൽകുവെന്നുമുള്ള സർക്കാരിന്റെ കടുംപിടിത്തം മുഖ്യമായും ബാധിക്കുന്നത് കേരളീയരെയാണെന്ന് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് വിദേശ തൊഴിൽ ഉടമകൾക്ക് ആവശ്യമില്ലാത്ത പത്താം ക്ലാസ് വിജയം ഇവിടെ വേണമെന്ന് കേന്ദ്ര സർക്കാർ നിർബന്ധം പിടിക്കരുതെന്ന് കേന്ദ്രത്തോട് പറയണമെന്നാണ്. അതുപോലെ വിദേശ രാജ്യങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കമ്പി വളയ്ക്കാനും സിമന്റും മെറ്റലും ചേർക്കാനും പത്താം ക്ലാസ് പാസ്സാകണമെന്ന് അവിടെയുള്ള ഭരണകൂടങ്ങൾക്കും തൊഴിൽദാതാക്കൾക്കും നിർബന്ധമില്ലെങ്കിൽ കേന്ദ്ര സർക്കാർ എന്തിനാണ് വാശി പിടിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യത്തിൽ എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് പോകാൻ പാടില്ലായെന്ന വ്യവസ്ഥയില്ല. എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്നാണ് വ്യവസ്ഥ. എസ്.എസ്.എൽ.സി. വേണമെന്ന് പറഞ്ഞിരിക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. കാരണം, കുറച്ചെങ്കിലും അറിവ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ അങ്ങനെ കൊണ്ടുപോകുന്നവരെ ചൂഷണം ചെയ്യുമെന്നതിന്റെ പേരിലാണ്. അതുകൊണ്ട് നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് അവർ ഈ നിയമം വച്ചിട്ടുള്ളത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly